**April : 10**

KGBEU OU ബുള്ളറ്റിൻ 44/2023

സഖാക്കളെ,

## വിഷയം: ജീവനക്കാരെ ഭിന്നിപ്പിച്ചു ഭരിക്കാൻ നോക്കണ്ട

ട്രാൻസ്ഫർ വിഷയത്തിൽ സംഘടനയുടെ നേതൃത്വത്തിൽ ശക്തമായ പ്രതിഷേധം നടന്നു വരികയാണ്. ഈ സമയത്ത് പുതിയൊരു സ്ട്രാറ്റജിയുമായി മാനേജ്മെന്റ് വന്നിരിക്കുകയാണ്. ഓഫീസർമാരുടെ ട്രാൻസ്ഫർ ആയതിനാൽ ഓഫീസർമാരുടെ സംഘടനാ പ്രതിനിധികളെ മാത്രം ചർച്ചയ്ക്ക് ക്ഷണിക്കാം എന്ന്. ജീവനക്കാരെ രണ്ട് തട്ടുകളിലാക്കി ഭിന്നിപ്പിച്ചു ഭരിക്കുക എന്ന പഴയ തന്ത്രം പയറ്റി നോക്കാനാണ് മാനേജ്മെൻറ് നിലവിൽ തീരുമാനിച്ചിരിക്കുന്നത്. നമ്മുടെ സംഘടന ഒരു composite സംഘടനയാണ്. ഒരു പ്രശ്നം വന്നാൽ അത് ജീവനക്കാരുടേതെന്നോ ഓഫീസർമാരുടേതെന്നോ ഉള്ള വേർതിരിവ് നമ്മുടെ സംഘടനയ്ക്ക് ഉണ്ടാവാറില്ല. അതാണ് നമ്മുടെ ബാങ്കിന്റെയും സംഘടനയുടെയും യഥാർത്ഥ ശക്തി. പണ്ടൊരു ചെയർമാൻ നമ്മെ ഭിന്നിപ്പിക്കുന്നതിനായി കിണഞ്ഞ് പരിശ്രമിച്ചപ്പോൾ അതിശക്തമായ പ്രക്ഷോഭത്തിലൂടെ നാം എതിർത്ത് തോൽപ്പിച്ച പഴയ ഒരജണ്ടയാണ് ഇത്. ഒരു കാരണവശാലും, ജീവനക്കാരുടെ ഭാഗത്ത് നിന്ന് മാത്രം സംസാരിക്കുന്ന നമ്മുടെ സംഘടനയ്ക്ക് ഇത്തരം കിരാത നടപടികൾ അംഗീകരിക്കാൻ കഴിയില്ല. അതിശക്തമായി മുന്നോട്ട്.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)